LIBRARY ARCHIVES Kerala Legislative Assembly

കേരള ഫോറസ്ട്രി പ്രോജക്ടിന്റെ നടത്തിപ്പിനായി വാങ്ങിയ കമ്പ്യൂട്ടറുകൾ

89 [4831] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ ഫോറസ്ട്രി പ്രോജക്ടിന്റെ നടത്തിപ്പിനായി കമ്പ്യൂട്ടറുകൾ വാങ്ങിയിട്ടുണ്ടോ; എങ്കിൽ എത്ര;

(ബി) ഇതിനായി ടെന്റർ വിളിച്ചിട്ടുണ്ടായിരുന്നോ; എങ്കിൽ ഏതു കമ്പനിയിൽ നിന്നാണ് ഈ കമ്പ്യൂട്ടറുകൾ വാങ്ങിയതെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ ആവശ്യത്തിനായി മൊത്തം എത്ര കമ്പ്യൂട്ടറുകൾ വാങ്ങി; വാങ്ങിയ കമ്പ്യൂട്ടറുകളിൽ എത്രയെണ്ണം സ്ഥാപിച്ചിട്ടുണ്ടെന്ന് പറയാമോ?

ഉത്തരം

(എ) ഉണ്ട്. 389 എണ്ണം വാങ്ങിയിട്ടുണ്ട്.

(ബി) ഉണ്ട്. ടെൻഡർ പ്രകാരം 361 കമ്പ്യൂട്ടറുകളും നേരിട്ട് 28 കമ്പ്യൂട്ടറുകളും വാങ്ങിയിട്ടുണ്ട്. കമ്പ്യൂട്ടർ വാങ്ങിയ കമ്പനികളുടെ വിവരം ചുവടെ ചേർക്കുന്നു:

1.	എച്ച്.സി.എൽ. ഇൻഫോസിസ്റ്റം ടെൻഡർ മുഖേന	.. 104 എണ്ണം
2.	അക്സൽ ഐ.സി.ഐ.എം.ലി. ടെൻഡർ മുഖേന	.. 225 എണ്ണം
3.	സെനിത്ത് കമ്പ്യൂട്ടേഴ്സ് ടെൻഡർ മുഖേന	.. 21 എണ്ണം
4.	നെക്സ്സ് കമ്പ്യൂട്ടേഴ്സ് ടെൻഡർ മുഖേന	.. 11 എണ്ണം
5.	കെൽട്രോൺ നേരിട്ട്	.. 28 എണ്ണം
	ആകെ	389 എണ്ണം

(സി) ഈ ആവശ്യത്തിനായി വാങ്ങിയ 389 കമ്പ്യൂട്ടറുകളും വിവിധ ഓഫീസുകളിൽ സ്ഥാപിച്ചിട്ടുണ്ട്.

'എലിഫന്റ് കോറിഡോർ' പദ്ധതി

90 [4832] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം വനമേഖലകളിലാണ് 'എലിഫന്റ് കോറിഡോർ' പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്; വിശദവിവരം നൽകാമോ;

(ബി) ഇല്ലെങ്കിൽ അതിനുള്ള കാരണം എന്താണെന്ന് വിശദമാക്കാമോ;

(സി) വനഭൂമി വ്യാപകമായി വെട്ടിത്തെളിച്ചതിലൂടെ നഷ്ടപ്പെട്ട ആനത്താരകൾ പുനഃസ്ഥാപിക്കാൻ കഴിയാത്തത് സംബന്ധിച്ച് വനംവകുപ്പ് ഏതെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; ഏത് ഏജൻസിയാണ് പഠനം നടത്തിയത്; ഇത് സംബന്ധിച്ച് പഠന റിപ്പോർട്ടിന്റെ പ്രതി ലഭ്യമാക്കാമോ;

(ഡി) 'എലിഫന്റ് കോറിഡോർ' പദ്ധതിയിലൂടെ എത്ര പ്രദേശങ്ങൾ ഏറ്റെടുക്കേണ്ടിവരുമെന്നും ഇതിൻപ്രകാരം എത്ര കുടുംബങ്ങളെ മാറ്റി പാർപ്പിക്കേണ്ടിവരുമെന്നും കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

ഉത്തരം

(എ) കണ്ണൂർ, സൗത്ത് വയനാട്, പാലക്കാട്, മൂന്നാർ വൈൽഡ്‌ലൈഫ് എന്നീ ഡിവിഷനുകളിലാണ് എലിഫന്റ് കോറിഡോർ (ആനത്താര) പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. പീച്ചിയിലുള്ള കേരളാ ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റേയും ബാംഗ്ലൂരിലുള്ള എലിഫന്റ് റിസർച്ച് ആന്റ് കൺസർവേഷൻ സെന്ററിന്റേയും സാങ്കേതിക വികസനം മുൻനിർത്തിയുള്ള നിർദ്ദേശങ്ങൾ അനുസരിച്ചുള്ള മുൻഗണനാക്രമത്തിലാണ് സ്വകാര്യ ഭൂമിയിലുള്ള ആനത്താരകൾ കണ്ടെത്തുന്നതും ആ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതും. ഈ മുൻഗണനാക്രമത്തിൽ, കേന്ദ്രത്തിൽനിന്നും ലഭിക്കുന്ന തുക ഭൂമി ഏറ്റെടുക്കുന്നതിനുവേണ്ടി അതാത് ജില്ലാ കളക്ടർമാരെ ഏൽപ്പിക്കുന്നു. ആയതു പ്രകാരം പാലക്കാട് 10.54 ഹെക്ടറും, കണ്ണൂരിൽ 27.12 ഹെക്ടറും, വയനാട് 78.95 ഹെക്ടറും, ഇടുക്കിയിൽ 28.2021 ഹെക്ടറും സ്ഥലങ്ങൾ ഏറ്റെടുക്കുകയും ആനത്താര പദ്ധതിക്കുവേണ്ടി കേന്ദ്ര സർക്കാരിൽനിന്നും ലഭിച്ച ധനസഹായം പ്രയോജനപ്പെടുത്തി ആകെ 238.58 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ആനത്താര പദ്ധതിയെക്കുറിച്ച് പീച്ചിയിലെ കെ.എഫ്.ആർ.ഐ.-യും ബാംഗ്ലൂരിലെ എലിഫന്റ് റിസർച്ച് ആന്റ് കൺസർവേഷൻ സെന്ററും ഒരു പ്രാഥമിക പഠനം നടത്തിയിട്ടുണ്ട്. പഠന റിപ്പോർട്ട് പിന്നീട് ലഭ്യമാക്കാം.

(ഡി) കണക്കാക്കിയിട്ടില്ല.

വന്യജീവികളുടെ ആക്രമണങ്ങൾക്കെതിരെയുള്ള രക്ഷാപ്രവർത്തനങ്ങൾ

91 [4834] ശ്രീ. ഇസ്ഹാക്ക് കുരിക്കൾ:
„ സി. മമ്മൂട്ടി:
„ പി. കെ. അബ്ദുറബ്ബ്:
„ കളത്തിൽ അബ്ദുള്ള:
„ പി. കെ. കെ. ബാവ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനമേഖലയോട് ചേർന്നുള്ള കൃഷിസ്ഥലങ്ങളും താമസസ്ഥലങ്ങളും വന്യജീവികളുടെ ആക്രമണങ്ങൾക്ക് വിധേയമായതായുള്ള എത്ര പരാതികളാണ് കഴിഞ്ഞ വർഷം ലഭിച്ചിട്ടുള്ളത്;

(ബി) ഇത്തരം പരാതികളിൻമേൽ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly